23 വയസ്സിനും 24 വയസ്സിനുമിടയിൽ പദ്ധതിയിൽ ചേർന്നവർക്ക് ലഭിക്കുന്ന ഗ്രാറ്റുവിറ്റി - 45,000 രൂപ, 24 വയസ്സിനും 25 വയസ്സിനുമിടയിൽ പദ്ധതിയിൽ ചേർന്നവർക്ക് ലഭിക്കുന്ന ഗ്രാറ്റുവിറ്റി-40,000 രൂപ, 25 വയസ്സിനും 26 വയസ്സിനുമിടയിൽ പദ്ധതിയിൽ ചേർന്നവർക്ക് ലഭിക്കുന്ന ഗ്രാറ്റുവിറ്റി-35,000 രൂപ, 26 വയസ്സിനും 40 വയസ്സിനുമിടയിൽ പദ്ധതിയിൽ ചേർന്നവർക്ക് ലഭിക്കുന്ന ഗ്രാറ്റുവിറ്റി-30,000 രൂപ.

(ബി) പ്രസ്തുത പദ്ധതിയിൽ എത്രയാളുകൾ അംഗത്വം എടുത്തിട്ടുണ്ടെന്ന് അറിയിക്കാമോ?

പ്രസ്തുത പദ്ധതിയിൽ 97,849 പേർ അംഗത്വം എടുത്തിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി പ്രകാരം അംഗത്വം എടുത്തവർക്ക് അറുപത് വയസ്സ് പൂർത്തിയാകുമ്പോൾ എന്തെല്ലാം ആനുകൂല്യങ്ങൾ നൽകേണ്ടതുണ്ടെന്ന് വ്യക്തമാക്കാമോ?

അംഗത്തിന് അറുപത് വയസ്സ് പൂർത്തിയാകുമ്പോൾ പദ്ധതി മാനദണ്ഡം അനുസരിച്ച് മാസം 1,000 രൂപ നിരക്കിൽ പെൻഷൻ തുകയും അർഹമായ ഗ്രാറ്റുവിറ്റിയും അനുവദിച്ചുവരുന്നു.

(ഡി) പ്രസ്തുത ആനുകൂല്യങ്ങൾ ഗുണഭോക്താക്കൾക്ക് യഥാസമയം നൽകി വരുന്നുണ്ടോ; ഇല്ലെങ്കിൽ ഈ മഹാമാരി കാലഘട്ടത്തിൽ ആയത് വേഗം നൽകുന്നതിന് നടപടി സ്വീകരിക്കാമോ; വിശദാംശം നൽകാമോ?

പെൻഷൻ/ഗ്രാറ്റുവിറ്റി ആനുകൂല്യത്തിനുള്ള ക്ലെയിമുകൾ പഞ്ചായത്ത് ജില്ലാതല കമ്മിറ്റികൾ അംഗീകരിച്ച് പ്രിൻസിപ്പൽ കൃഷി ഓഫീസുകളിൽനിന്ന് ലഭ്യമാകുന്ന മുറയ്ക്ക് ആനുകൂല്യങ്ങൾ യഥാസമയം അനുവദിക്കുന്നുണ്ട്.

കർഷകരെ സഹായിക്കുന്നതിന് നടപ്പിലാക്കിയ പദ്ധതികൾ

14 (4402) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ കർഷകരെ സഹായിക്കുന്നതിനായി നബാർഡ് വായ്പ അനുവദിച്ചിട്ടുണ്ടോ; വായ്പ അനുവദിക്കുന്നതിന്റെയും വിതരണം ചെയ്യുന്നതിന്റെയും മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ?

കോവിഡ്-19 രോഗവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ കാർഷിക മേഖലയെ സജീവമായി നിലനിർത്തുന്നതിനായി 2021-22 സാമ്പത്തിക വർഷത്തിൽ നബാർഡ് കേരള ഗ്രാമീൺ ബാങ്കിന് 1,000 കോടി രൂപയും കേരള ബാങ്കിന് 1,670 കോടി രൂപയും (800 കോടി രൂപ കാർഷിക ആവശ്യത്തിനും 870 കോടി രൂപ കാർഷികേതര ആവശ്യത്തിനും) സ്പെഷ്യൽ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ലിക്വിഡിറ്റി ഫണ്ട്-2 (SLF-2) ആയി അനുവദിച്ചിട്ടുണ്ട്. കേരള ബാങ്കിന്റെ അംഗസംഘങ്ങളായ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ/റൂറൽ സഹകരണ ബാങ്കുകൾ എന്നിവ വഴി കാർഷിക, കാർഷിക അനുബന്ധ പ്രവർത്തനങ്ങൾക്കും കൂടാതെ മൃഗസംരക്ഷണം, ഡയറി, ഫിഷറീസ്, സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കായും, സ്വർണ്ണ പണയത്തിന്മേലും, വസ്തു ജാമ്യത്തിന്മേലും, പരമാവധി രണ്ട് ലക്ഷം രൂപ വരെ 6.4 ശതമാനം പലിശ നിരക്കിൽ ഒരു വർഷകാലാവധിയിൽ കേരള ബാങ്ക് വായ്പ അനുവദിക്കുന്നു. കർഷകർ, കർഷക ഗ്രൂപ്പുകൾ, സ്വയം സഹായ സംഘങ്ങൾ, ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ, പാട്ട കൃഷി ചെയ്യുന്നവർ, കൂട്ട് കൃഷി സംരംഭകർ, വി.എഫ്.പി.സി.കെ., കർഷകർ എന്നിവർക്ക് കേരള ഗ്രാമീൺ ബാങ്ക് ഈടില്ലാതെ 1.60 ലക്ഷം വരെയും ഈടിന്മേൽ അതിനുമുകളിലും 9 ശതമാനം പലിശ നിരക്കിൽ 5 വർഷത്തെ വായ്പാപരിധിയിൽ പ്രസ്തുത വായ്പ അനുവദിച്ചു വരുന്നു. ഓരോ വർഷവും പിൻവലിച്ച തുകയും പലിശയും ഒരു കൊല്ലത്തിനുള്ളിൽ തിരിച്ചടച്ച് വായ്പ പുതുക്കേണ്ടതുണ്ട്. 2 ശതമാനം കേന്ദ്രസർക്കാർ പലിശ സബ്സിഡിയും കൃത്യസമയത്ത് തിരിച്ചടയ്ക്കുന്നവർക്ക് 3 ശതമാനം പലിശയിളവും കഴിച്ച് 4 ശതമാനം നിരക്കിൽ വായ്പ ലഭ്യമാകുന്നു.

(ബി) വൈപ്പിൻ നിയോജകമണ്ഡലത്തിലെ കർഷകർക്ക് പ്രസ്തുത വായ്പ ലഭ്യമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ ?

വൈപ്പിൻ നിയോജകമണ്ഡലത്തിലെ കർഷകർക്ക് കേരള ബാങ്ക് മുഖേന 2021-22 കാലയളവിൽ ലഭ്യമാക്കിയ വായ്പയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1.	എടവനക്കാട് SCB Ltd No. 1	-	1 കോടി രൂപ
2.	കഴുപ്പിള്ളി SCB Ltd No. E 138	-	50 ലക്ഷം രൂപ
3.	നായരമ്പലം SCB Ltd No. E 92	-	50 ലക്ഷം രൂപ
4.	ഞാറയ്ക്കൽ SCB Ltd No. E 91	-	1 കോടി രൂപ
5.	പള്ളിപ്പുറം SCB Ltd No. 760	-	2.5 കോടി രൂപ
	ആകെ		5.5 കോടി രൂപ

കേരള ഗ്രാമീൺ ബാങ്കിന്റെ വൈപ്പിൻ നിയോജകമണ്ഡലത്തിലുള്ള ഏക ശാഖയായ മാലിപ്പുറം ശാഖയിൽനിന്നും പ്രസ്തുത പദ്ധതി പ്രകാരമുള്ള വായ്പകളൊന്നും ഇതുവരെ അനുവദിച്ചിട്ടില്ല.